II. ചരമോപചാരം

ശ്രീ. മാന്നാർ ഗോപാലൻ നായർ, ശ്രീ. വർക്കി വടക്കൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച്.

മി. സ്പീക്കർ: തിരുവിതാംകൂർ ഓപ്രസെന്റേറ്റീവ് ബോഡി, തിരുവിതാംകൂർ അസംബ്ലി, തിരു–കൊച്ചി നിയമസഭ എന്നിവകളിൽ അംഗമായിരുന്ന ശ്രീ. മാന്നാർ ഗോപാലൻ നായർ, നാലാം കേരള നിയമസഭയിൽ അംഗമായിരുന്ന ശ്രീ. വർക്കി വടക്കൻ എന്നിവർ ഈ അടുത്ത കാലത്ത് നിര്യാതരായ വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ. 9.30 A.M.]

തിരുവനന്തപുരം ബാറിലെ പ്രമുഖ അഭിഭാഷകരിൽ ഒരാളായിരുന്ന ശ്രീ. മാന്നാർ ഗോപാലൻ നായർ സ്വാതന്ത്ര്യസമരത്തിൽ സജീവ പങ്കാളിത്തം വഹിച്ചിരുന്നു. പിൽക്കാലത്ത്, യശ:ശരീരനായ ശ്രീ. പട്ടം താണുപിള്ളയുടെ നേതൃത്വത്തിലുള്ള പ്രജാസോഷ്യലിസ്റ്റ് പാർട്ടിയിൽ അദ്ദേഹം അംഗമായി ചേർന്നു. തിരുവനന്തപുരം ബാർ അസോസിയേഷന്റെ പ്രസിഡന്റായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. പ്രശസ്തനായ ഒരു അമച്വർ കഥകളി നടനെന്ന നിലയിൽ കേരളീയർക്ക് സുപരിചിതനായിരുന്നു ശ്രീ. ഗോപാലൻ നായർ. പ്രതിഭാശാലി ആയിരുന്ന അദ്ദേഹം സാഹിത്യരംഗത്തും തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. തിരുവല്ലാ നിയോജകമണ്ഡലത്തെയാണ് അദ്ദേഹം തിരുവിതാംകൂർ അസംബ്ലിയിലും തിരു–കൊച്ചി നിയമസഭയിലും പ്രതിനിധാനം ചെയ്തിരുന്നത്.

പതിനേഴാമത്തെ വയസ്സിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിലൂടെ ശ്രീ. വർക്കി വടക്കൻ തന്റെ രാഷ്ട്രീയ ജീവിതം ആരംഭിച്ചു. 1962–ൽ കർഷകത്തൊഴിലാളി പാർട്ടിയുടെ രൂപീകരണത്തിൽ അദ്ദേഹം നിർണ്ണായകമായ പങ്ക് വഹിക്കുകയുണ്ടായി. 1968–70 കാലഘട്ടത്തിൽ അദ്ദേഹം ആ പാർട്ടിയുടെ ജനറൽ സെക്രട്ടറിയായിരുന്നു. കെ.ടി.പി. സംസ്ഥാന നിർവ്വാഹക സമിതിയംഗമായും ശ്രീ. വടക്കൻ പ്രവർത്തിച്ചിട്ടുണ്ട്.

പിന്നീട് കോൺഗ്രസ്സ് (എസ്)–ൽ ചേർന്നു അദ്ദേഹം പാർട്ടിയുടെ ജില്ലാ ഘടകത്തിന്റെ സമുന്നത നിരയിൽ പ്രവർത്തിച്ചു.

കർഷക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള എല്ലാ ശ്രമങ്ങളിലും മുൻപന്തിയിൽ നിന്ന നിർഭയനായ യോദ്ധാവായിരുന്നു അദ്ദേഹം.

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നിന്നും അദ്ദേഹം നാലാം കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. നിയമസഭയുടെ ലൈബ്രറി അഡ്വൈസറി കമ്മിറ്റിയിലും ശ്രീ. വടക്കൻ അംഗമായിരുന്നു. നല്ലൊരു അദ്ധ്യാപകനായിരുന്ന അദ്ദേഹം അദ്ധ്യാപക പ്രസ്ഥാനത്തിൽ സജീവമായ പങ്ക് വഹിച്ചിരുന്നു. നിഷ്ക്കളങ്കവും ഹൃദ്യവുമായ പെരുമാറ്റ ശൈലികൊണ്ട് ഏവർക്കും പ്രിയംകരനായിരുന്ന അദ്ദേഹം സാമൂഹ്യ സേവന രംഗത്ത് വിലപ്പെട്ട സേവനങ്ങൾ കാഴ്ചവച്ചിട്ടുണ്ട്.

സംവൽസരങ്ങളായി അദ്ദേഹവുമായി അടുത്ത സുഹൃത്ബന്ധം പുലർത്തിയിരുന്ന എന്നെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായ നഷ്ടം കൂടിയാണ് ഈ വേർപാട്.

LIBRARY ARCHIVES Kerala Legislative Assembly

പരേതരോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റു നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭ അൽപ്പസമയം എഴുന്നേറ്റു നിന്ന് മൗനമാചരിച്ചു.)

III. അടിയന്തിര പ്രമേയം

പ്രീഡിഗ്രിബോർഡ് രൂപീകരണം

മി. സ്പീക്കർ: പ്രീ-ഡിഗ്രി ബോർഡ് രൂപീകരണത്തിലുള്ള ഗവൺമെൻറ് തീരുമാനത്തിൽ പ്രതിഷേധിച്ച് വിദ്യാർത്ഥികളും അദ്ധ്യാപകരും, സർവ്വകലാശാലാ ജീവനക്കാരും നടത്തുന്ന സമരങ്ങളെ നേരിടാൻ ഗവൺമെൻറ് കൈക്കൊണ്ടിട്ടുള്ള നടപടികളും മൂലം സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയാകെ സ്തംഭിച്ചിരിക്കുന്നതുമൂലം ഉളവായിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യത്തെക്കുറിച്ച് ചർച്ച ചെയ്യാൻ വേണ്ടി ഇന്നത്തെ സഭാ നടപടികളും നിർത്തി വയ്ക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ഇ.കെ. നായനാർ, കെ.പി. പ്രഭാകരൻ, എ.സി. ഷൺമുഖദാസ്, ബേബിജോൺ, കെ. ചന്ദ്രശേഖരൻ, എം.വി. രാഘവൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, പ്രീ-ഡിഗ്രി ബോർഡ് രൂപീകരണത്തിൽ ഗവൺമെൻറ് കൈക്കൊണ്ട നയപരമായ തീരുമാനത്തിൽ പ്രതിഷേധിച്ച് മേയ് 16-ാം തീയതി മുതൽ യൂണിവേഴ്സിറ്റിയിൽ ഒരു വിഭാഗം ജീവനക്കാർ പണിമുടക്കിയിരിക്കുകയാണ്. അതിനുശേഷം കോളേജദ്ധ്യാപകരിൽ ഒരു വിഭാഗവും ഈ സമരത്തിൽ പങ്കെടുത്തിട്ടുണ്ട്. ഈ സമരം തുടങ്ങിയതിനുശേഷം ആദ്യമായിട്ട് പ്രീ-ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിക്കാതിരിക്കുവാനുള്ള തടസ്സങ്ങളാണ് അവർ സൃഷ്ടിച്ചത്. യൂണിവേഴ്സിറ്റിയിലെ പ്രവർത്തനങ്ങളും സ്തംഭിപ്പിക്കുവാൻ മനഃപൂർവ്വമായ ശ്രമവും യൂണിവേഴ്സിറ്റി ജീവനക്കാരിൽ കുറെപ്പേരുടെ ഭാഗത്തു നിന്നുണ്ടായിട്ടുണ്ട്. ആ സാഹചര്യത്തിൽ അതിനുവേണ്ടിയുള്ള ബദൽ സംവിധാനങ്ങളും ഗവൺമെൻറ് ആവിഷ്ക്കരിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി പരീക്ഷാഫലങ്ങളും പ്രസിദ്ധീകരിക്കുവാനുള്ള ക്രമീകരണങ്ങളും ഗവൺമെൻറ് ഏർപ്പെടുത്തുകയും അതനുസരിച്ച് ഉള്ള നടപടികളും മുന്നോട്ടു കൊണ്ടു പോവുകയും ചെയ്തിട്ടുണ്ട്. ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ പ്രീ-ഡിഗ്രി പരീക്ഷാഫലം ഈ മാസം 22-ാം തീയതി പ്രസിദ്ധീകരിച്ചു. കേരളാ, കാലിക്കറ്റ് യൂണിവേഴ്സിറ്റികളിലെ പരീക്ഷാ ഫലങ്ങളും ഏതു ദിവസവും പുറത്തുവരത്തക്ക രീതിയിലുള്ള ക്രമീകരണങ്ങളും നടന്നു വരികയാണ്. ടീച്ചിംഗ് സ്റ്റാഫിലും നോൺ ടീച്ചിംഗ് സ്റ്റാഫിലും പെടുന്ന ഒരു വിഭാഗം ആളുകളും സമരരംഗത്തുണ്ട്. ആകെക്കൂടി കേരളത്തിൽ പരിശോധിക്കുമ്പോൾ സമരം ഭാഗികമായാണ് കോളേജുകളിൽ നടക്കുന്നത്. ഈ ഭാഗികമായ സമരംമൂലം ഇവിടെ വിദ്യാഭ്യാസ രംഗത്ത് യാതൊരു സ്തംഭനാവസ്ഥയും ഉണ്ടായിട്ടില്ല. അതുകൊണ്ട് ഈ വിഷയത്തെ സംബന്ധിച്ച് സഭാ നടപടികളും നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly